**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5459** **28.07.2015 ൽ മറുപടിയ്ക്ക്**

# കാർഷിക വിപണിയ്ക്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എം.ഹംസ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. ജി. സുധാകരൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; | (എ) കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്ത അവസരങ്ങളിൽ വിപണിയിൽ ഇടപെട്ട് ന്യായവിലക്ക് സംഭരിക്കുകയും, വിപണിയിൽ ഉല്പന്നങ്ങൾക്ക് ക്രമാതീതമായി വില വർദ്ധിക്കുമ്പോൾ വിപണിയിൽ ഇടപെട്ട് ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനുമായി, വിപണിയിടപെടൽ നടത്താറുണ്ട്. |
| (ബി) ഏതെല്ലാം സംഭരണ ഏജൻസികൾക്കാണ് പദ്ധതിയുടെ ഭാഗമായി തുക നൽകിയതെന്നറിയിക്കാമോ ; | (ബി) മാർക്കറ്റ്ഫെഡ്, റബ്ബർമാർക്ക്, ഹോർട്ടികോർപ്പ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരഫെഡ്, കെപ്കൊ, മീറ്റ് പ്രൊഡക്റ്റ് ഓഫ് ഇൻഡ്യ, കേരളഫീഡ്സ്, കെ.എൽ.ഡി. ബോർഡ് എന്നീ ഏജൻസികൾക്ക് പദ്ധതിയുടെ ഭാഗമായി 2014-15 ൽ തുക നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ഏജൻസികൾ ഏല്പിക്കപ്പെട്ട ദൗത്യം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; പോരായ്മകൾ കടന്നു കൂടിയിട്ടുണ്ടോ; എന്തെല്ലാമാണ് പോരായ്മകൾ എന്നറിയിക്കാമോ ; | (സി) പ്രസ്തുത ഏജൻസികൾ മുഖേന കാർഷിക വിപണിയിൽ ഇടപെടൽ നടത്തുന്നതിലൂടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും, ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നുണ്ട്. പോരായ്മകൾ കടന്നു കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഏതെല്ലാം കാർഷികോല്പന്നങ്ങളാണ് ഈ പദ്ധതിപ്രകാരം സംഭരണം നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ഡി) പഴം, പച്ചക്കറികൾ, റബ്ബർ,പച്ചനാളികേരം എന്നീ കാർഷികോല്പന്നങ്ങളാണ് ഈ പദ്ധതി പ്രകാരം സംഭരണം നടത്തിയിട്ടുള്ളത്. |
| (ഇ) പദ്ധതിപ്രകാരം ഇടപെടൽ നടത്തിയതു മൂലം പ്രസ്തുത കാർഷികോല്പന്നങ്ങളുടെ വിലയിൽ എന്ത് ഗുണപരമായ | (ഇ) 2014 ഓണം -റംസാൻ ഉത്സവ സീസണിൽ പഴം-പച്ചക്കറികളുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ 30 ശതമാനം സബ്സിഡി നിരക്കിൽ |

| | | |
|---|---|---|
| മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ? | | ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br>വിപണിയിൽ നാളികേരത്തിനുണ്ടാകുന്ന വിലയിടിവിനു പരിഹാരമായി കർഷകരിൽ നിന്നും ന്യായമായ വില നല്കി, പച്ചനാളികേരം കേരഫെഡ് കൃഷി ഭവനിലൂടെ സംഭരണം നടത്തി വരുന്നു. നിലവിൽ പൊതുവിപണിയിൽ പച്ചത്തേങ്ങയ്ക്ക് 16 മുതൽ 18 രൂപ വരെയാണ് വില. എന്നാൽ കേരഫെഡ് കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കർഷകരിൽ നിന്നും പച്ചത്തേങ്ങ കൃഷിഭവനിലൂടെ സംഭരണം നടത്തുന്നത്.<br>റബ്ബറും, റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയിലെ ദൈനംദിന വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്കാണ് സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിലൂടെയും റബ്ബർ മാർക്കിലൂടെയും സംഭരണം നടത്തിയിട്ടുള്ളത്. റബ്ബർ സംഭരണത്തിനായി 2013-14, 2014-15 വർഷങ്ങളിലായി ആകെ 16 കോടി രൂപ കാർഷിക വിപണിയിൽ ഇടപെടൽ പദ്ധതിയിലൂടെനൽകിയിട്ടുണ്ട്. ഇപ്പോൾ റബ്ബർ കർഷകരെ സഹായിക്കുന്നതിന് 2015-16 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (സ.ഉ(പി) നം.269/2015/ഫിൻ തീയതി 03.07.2015) പുറപ്പെടുവിച്ചുകൊണ്ട് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർബോർഡ്, കിലോയ്ക്ക് അതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ